**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4125** **18-07-2022 - ൽ മറുപടിയ്ക്ക്**

**ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും ശമ്പളം പുതുക്കി നൽകിയപ്പോൾ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ഒരേ തസ്തികയിലുള്ള ജീവനക്കാരുടെ ശമ്പള സ്കെയിലുകൾ വ്യത്യസ്തമായി അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ; | (എ) | പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം എല്ലാ തസ്തികകൾക്കും മുൻ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം ഉണ്ടായിരുന്ന ശമ്പളസ്കെയിലിന് ആനുപാതികമായ പരിഷ്കരണം വരുത്തിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലേയും സമാന തസ്തികകളെ കോമൺ കാറ്റഗറിയിൽ ആണ് ഉൾപ്പെട്ടു ത്തിയിട്ടുള്ളത്. വിവിധ വകുപ്പുകളിൽ നിയമിതരാകുന്ന കോമൺ കാറ്റഗറി തസ്തികകളുടെ ശമ്പളസ്കെയിൽ ഒന്നു തന്നെയാണ്. |
| (ബി) | ഇത്തരത്തിൽ ശമ്പള അനോമലിയുമായി ബന്ധപ്പെട്ട് സംഘടനകളോ വകുപ്പുമേധാവികളോ വ്യക്തികളോ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | പതിനൊന്നാം ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ള വിവിധ അനോമലികൾ പരിഹരിക്കണ മെന്നാവശ്യപ്പെട്ട് വിവിധ സംഘടനകൾ, വകുപ്പ് മേധാവികൾ, വ്യക്തികൾ എന്നിവിടങ്ങളിൽ നിന്നും നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനങ്ങൾ എല്ലാം സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്. |
| (സി) | ശമ്പള അനോമലിയുമായി ബന്ധപ്പെട്ട എത്ര പരാതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പതിനൊന്നാം ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ള വിവിധ അനോമലികൾ പരിഹരിക്കണ മെന്നാവശ്യപ്പെട്ട് വിവിധ സംഘടനകൾ, വകുപ്പ് മേധാവികൾ, വ്യക്തികൾ എന്നിവിടങ്ങളിൽ നിന്നും നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനങ്ങൾ എല്ലാം സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്. |
| (ഡി) | വനംവകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടേയും പ്രൊമോഷൻ തസ്തികയായ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടേയും ശമ്പളം ഒരേ സ്കെയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | വനം വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെയും പ്രൊമോഷൻ തസ്തികയായ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുൾപ്പെടെയുള്ള, വിവിധ വകുപ്പുകൾക്ക് കീഴിലുള്ള പല തസ്തികകളുടെയും ഫീഡർ തസ്തികയ്ക്കും പ്രൊമോഷൻ തസ്തികയ്ക്കും ഒരേ ശമ്പളസ്കെയിൽ തന്നെ നിലനിൽക്കുന്നുണ്ട്. ആയത് ഒരു അനോമലിയായി കണക്കാക്കാനാവില്ല. |

| | | | |
|---|---|---|---|
| (ഇ) | ഇത്തരത്തിൽ വനം വകുപ്പിലെ ശമ്പള സ്കെയിലുകളുമായി ബന്ധപ്പെട്ട മുഴുവൻ അപാകതകളും പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ? | (ഇ) | പത്താം ശമ്പളപരിഷ്കരണ ഉത്തരവിലുള്ള തസ്തികകളുടെ ശമ്പളസ്കെയിലുകളിൽ ആനുപാതികമായ പരിഷ്കരണമാണ് പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിലൂടെ നൽകിയിട്ടുള്ളത്. ഒരു തസ്തികയുടേയും ശമ്പളസ്കെയിലുകളിലോ ബത്തകളിലോ കുറവ് വരുത്തിയിട്ടില്ല. ആയതിനാൽ പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രകടമായ അനോമലികൾ ഒന്നും തന്നെ നിലവിലില്ല. എന്നിരുന്നാലും പതിനൊന്നാം ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും വകുപ്പിലെ ഏതെങ്കിലും തസ്തികയിൽ അനോമലിയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ വരുന്ന പക്ഷം സർക്കാർ ആയത് വിശദമായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. വനം വകുപ്പിലെ ശമ്പളസ്കെയിലുമായി ബന്ധപ്പെട്ട് വരുന്ന അനോമലികളും സർക്കാർ പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ